കൊയിലാണ്ടി-ബാലുശ്ശേരി -താമരശ്ശേരി റോഡിന്റെ പേര് മാറ്റാൻ നിവേദനം

65 (4345) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ നിന്നാരംഭിച്ച് ബാലുശ്ശേരി വഴി താമരശ്ശേരിക്കുപോകുന്ന റോഡിന്റെ പേര് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ-കൊയിലാണ്ടി വഴി കോയമ്പത്തൂരിലേക്കും തമിഴ്നാട്ടിലേക്കും പോകുന്ന ധാരാളം വാഹനങ്ങൾ ഈ വഴി തിരിച്ചുവിട്ടാൽ കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് കുറവുണ്ടാകുമെന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ വൈകുന്നതിനിടയാക്കിയ കാരണം വെളിപ്പെടുത്തുമോ ;

(ഡി) കൊയിലാണ്ടി-ബാലുശ്ശേരി-താമരശ്ശേരി-അഴിക്കോട്-എടവണ്ണ-വണ്ടൂർ- അലനല്ലൂർ-മണ്ണാർക്കാട് വഴി പാലക്കാട് എത്തിച്ചേരാനുള്ള ദൂരം എത്ര കിലോമീറ്റർ ആണെന്ന് വെളിപ്പെടുത്തുമോ :

(ഇ) ഈ ദൂരവും കൊയിലാണ്ടി-കോഴിക്കോട്-മലപ്പുറം-പാലക്കാട് ദൂരവും തമ്മിൽ എത്ര വ്യത്യാസം ഉണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇക്കര്യം പരിശോധിച്ചിട്ടില്ല.

(ഡി) 170 കി. മീ.

(ഇ) 4 കി. മീ. ദൂരം കൂടുതലാണ്.

തലശ്ശേരി ബ്രണ്ണൻ കോളേജ് പി. ജി. ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം

66 (4346) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ബ്രണ്ണൻ കോളേജ് പി. ജി. ബ്ലോക്ക് കെട്ടിടം പണി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ :

(ബി) ഇത് എന്നത്തേക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെട്ടിടത്തിന്റെ ഫിനിഷിംഗ് പണികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.

(ബി) കെട്ടിടം രണ്ടുമാസത്തിനകം കോളേജിന് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുൻ സർക്കാരിന്റെ കാലത്തു നടത്തിയ മരാമത്ത് പണികളുടെ കുടിശ്ശിക

67 (4347) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ സർക്കാർ പണിപൂർത്തിയാക്കിയ മരാമത്തുപണികളുടെ വകയിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് തീർത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും പണം കൊടുത്തുതീർക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ മരാമത്ത് പണികൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ദേശീയപാതാവിഭാഗത്തിൽ 555.66 ലക്ഷം രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർത്തിട്ടുണ്ട്. ഇനിയും പണം കൊടുത്തുതീർക്കാനില്ല. മറ്റു വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ദേശീയപാതാവിഭാഗത്തിൽ 4,12,130,843 രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന റോഡ്

68 (4348) ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വയനാട് ചുരം റോഡിന് ബദലായി മലപ്പുറം കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തിരുവമ്പാടി-ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly